ഉപദേശകസമിതിയുടെ ശുപാർശപ്രകാരം 128 തടവുകാരനേയും മോചിപ്പിച്ചിട്ടുണ്ട്. ആകെ മോചിതരായ തടവുകാരുടെ എണ്ണം 987.

(ബി) ഒരാൾ.

(സി) കൊലപാതക കുറ്റം ചെയ്തവരുടെ എണ്ണം - 1

കൊലപാതകശ്രമം നടത്തിയവരില്ല.

(ഡി) 26 പേർ.

(ഇ) 7 പേർ.

119(138) ഫയർ സ്റ്റേഷനുകൾ

ശ്രീ.എ.അലിഹസ്സൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഇപ്പോൾ എത്ര ഫയർസ്റ്റേഷനുകൾ ഉണ്ടെന്നും അവ എവിടെയൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) വർക്കലയിൽ ഒരു ഫയർസ്റ്റേഷൻ നിർമ്മിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്റെ നിർമ്മാണ പ്രവർത്തനം നിറുത്തിവച്ചിരിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിർമ്മാണപ്രവർത്തനത്തിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 67. ഇവയുടെ പേരുവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

120 (139) പാചകവാതക കണക്ഷൻ

പ്രൊഫ.എ.വി.താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 ഡിസംബർ ഒന്നിന് സംസ്ഥാനത്തെ പാചകവാതക ഉപഭോക്താക്കൾ എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) എത്ര ഏജൻസികളാണ് കേരളത്തിൽ ഈ രംഗത്ത് പ്രവർത്തിക്കുന്നത്;

(സി) ഈ ഏജൻസികളെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ;

---

* അനുബന്ധം XXIII

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉപഭോക്താക്കൾക്ക് പാചകവാതകം വിതരണം ചെയ്യുന്നത് സംബന്ധിച്ച് മാനദണ്ഡം വ്യക്തമാക്കുമോ;

(ഇ) പല പാചകവാതക ഏജൻസികളും ഉപഭോക്താക്കൾക്ക് കൃത്യമായി റീ-ഫില്ലിംഗ് നൽകാതെ കൂടിയ വിലയ്ക്ക് മറിച്ചുനൽകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) പാചകവാതക വിതരണത്തിൽ കൃത്രിമം കാണിക്കുന്നവരുടെ ഏജൻസി റദ്ദാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2000 ഡിസംബർ ഒന്നിന് സംസ്ഥാനത്തെ പൊതുമേഖലാ ഓയിൽ കമ്പനികളിലെ പാചകവാതക ഉപഭോക്താക്കൾ 25.64 ലക്ഷമാണ്.

(ബി) 2000 ഡിസംബർ ഒന്നിലെ കണക്കു പ്രകാരം സംസ്ഥാനത്തെ പൊതുമേഖലാ ഓയിൽ കമ്പനികളുടെ 252 പാചകവാതക ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്.

(സി) പെട്രോളിയം മന്ത്രാലയം നിയമിക്കുന്ന ഡീലർ സെലക്ഷൻ ബോർഡാണ് പാചകവാതക ഏജൻസികളെ തെരഞ്ഞെടുക്കുന്നത്. വിവിധ പ്രദേശങ്ങളിലേക്ക് പാചകവാതകവിതരണക്കാരെ ക്ഷണിച്ചുകൊണ്ടുള്ള ഓയിൽകമ്പനികളുടെ പത്രപ്പരസ്യത്തിന്റെ അടിസ്ഥാനത്തിലുള്ള അപേക്ഷകരെ ഡീലർ സെലക്ഷൻ ബോർഡ് ഇന്റർവ്യൂ നടത്തുകയും ഡീലർ സെലക്ഷൻ ബോർഡിന്റെ അന്തിമ ശുപാർശയുടെ അടിസ്ഥാനത്തിൽ ഓയിൽ കമ്പനികൾ പാചകവാതക ഏജൻസികളെ നിയമിക്കുകയും ചെയ്യുന്നു. ഇതിനുള്ള മാനദണ്ഡങ്ങളും പോളിസി തീരുമാനങ്ങളും കേന്ദ്രസർക്കാരിന്റെ പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയമാണ് നിശ്ചയിക്കുന്നത്.

(ഡി) പാചകവാതക വിതരണത്തെ സംബന്ധിക്കുന്ന പോളിസി കാര്യങ്ങൾ തീരുമാനിക്കുന്നത് പെട്രോളിയം പ്രകൃതിവാതക മന്ത്രാലയമാണ്. വില്പന വില, ഏജൻസി കമ്മീഷൻ ഉപഭോക്താക്കളിൽ നിന്നും മറ്റു ചാർജ്ജുകൾ ഈടാക്കുന്നത് തുടങ്ങിയ കാര്യങ്ങളും തീരുമാനിക്കുന്നത് പെട്രോളിയം മന്ത്രാലയമാണ്.

(ഇ) ചില ഗ്യാസ് ഏജൻസികളെപ്പറ്റി ഉപഭോക്താക്കളുടെ പരാതികൾ കിട്ടിയിട്ടുണ്ട്. അവശ്യസാധന നിയമമനുസരിച്ച് ഇത്തരം പരിതഃസ്ഥിതികളിൽ യുക്തമായ നടപടികൾ കൈക്കൊള്ളാറുണ്ട്.

(എഫ്) പാചകവാതക വിതരണത്തിൽ കൃത്രിമം കാണിക്കുന്ന ഏജൻസികൾക്കെതിരെ ഉചിതമായ നടപടികൾ പൊതുമേഖലാ ഓയിൽ കമ്പനികൾ സ്വീകരിച്ചുവരുന്നുണ്ട്.

121 (140) റേഷൻകാർഡ് വിതരണം

ശ്രീ. പി.പി.തങ്കച്ചൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റേഷൻകാർഡിനു അപേക്ഷ നൽകുന്നവർക്ക് താൽക്കാലിക കാർഡുകളാണ് നൽകുന്നതെന്ന കാര്യം സർക്കാരിനറിവുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly